ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഒരു ഹൗസിന്റെ സെൻസിനുവേണ്ടി ഇത് ഹൗസിന്റെ പ്രോപ്പർട്ടി ആയി വന്നതാണ്. ഹൗസിന്റെ ഡിസിഷൻ പോലെ അങ്ങ് ഒരു തീരുമാനം എടുക്കുക. ..... (ബഹളം) ..... പ്ലീസ് ..... (ബഹളം) ..... റൂൾ 58 അനുസരിച്ച് അഞ്ച് റൂളിംഗ് നൽകിയതിന്റെ ലിമിറ്റിനകത്തുനിന്നുകൊണ്ട് പ്രതിപക്ഷം നോട്ടീസ് നൽകിയതിൽനിന്നും ഒരു സബ്ജക്ട് എടുക്കാം. ഇവിടെ ഈ സബ്ജക്ടും എടുത്തോട്ടെ. അതിനനുസരിച്ച് തീരുമാനമെടുക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട സ്പീക്കർ കക്ഷി നേതാക്കൻമാരുടെ യോഗം വിളിച്ചുചേർത്ത് തീരുമാനമെടുക്കുന്നതാണ് നല്ലത്. ഇപ്പുറത്തുനിന്നുകൂടി ഒരു സബ്ജക്ട് എടുക്കാനായി ഭരണപക്ഷം സമ്മതിച്ചിരിക്കുകയാണ്.

മി. സ്പീക്കർ: ഈ കാര്യങ്ങൾ ഇനി നീട്ടിക്കൊണ്ടുപോകേണ്ടതില്ല. റീസന്റ് ക്കെറൻസായി പ്രതിപക്ഷം കൊണ്ടുവന്ന ഒരു കാര്യവും ശ്രീ. എം. എം. ഹസ്സൻ കൊണ്ടുവന്ന പ്രമേയവും അനുവദിക്കാനാണ് ഞാൻ തീരുമാനിച്ചിരിക്കുന്നത്. പ്രതിപക്ഷം പലതും തന്നതുകൊണ്ട് അവരുടെ കക്ഷിനേതാക്കളുമായി ആലോചിച്ചിട്ട് ഏതാണെന്ന് തീരുമാനിക്കാം. ..... (ബഹളം) .....

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): Any member desirous of raising discussion on a matter.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട സ്പീക്കറെ അപമാനിക്കാൻ നടത്തുന്ന ഗൂഢാലോചനയുടെ ഭാഗമാണ് ഈ നടക്കുന്ന കാര്യങ്ങൾ. അങ്ങനെ വേണമെങ്കിൽ നമുക്ക് തീരുമാനിക്കാം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): അവർ പറയുന്ന ഒരു മാറ്റർ എടുക്കണം. പ്രതിപക്ഷത്തിന്റെ ഒരു മാറ്റർ എടുക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

മി. സ്പീക്കർ: ഈ കൺസിഡറേഷൻ കുറച്ചുനേരത്തേക്ക് നീട്ടിവയ്ക്കുന്നു. കാരണം നേരത്തെ പറഞ്ഞതിനെക്കുറിച്ച് ഒരു സമവായം ഉണ്ടാക്കാൻ കഴിഞ്ഞാൽ, ചർച്ച തുടങ്ങിയാലുടൻതന്നെ പ്രതിപക്ഷനേതാക്കളുമായി ചർച്ചചെയ്ത് ഒരു തീരുമാനം എടുക്കാം. കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് സമർപ്പണവും റിപ്പോർട്ട് പരിഗണനയും മാറ്റിവയ്ക്കുന്നു.

റിപ്പോർട്ട് സമർപ്പണം (തുടർച്ച)

(2) പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ 99 മുതൽ 114 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. ശങ്കരനാരായണൻ: സർ, പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ 99 മുതൽ 114 വരെയുള്ള റിപ്പോർട്ടുകൾ സമിതി ചെയർമാനായ ശ്രീ. കടവൂർ ശിവദാസനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(3) അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 39-ഉം 40-ഉം റിപ്പോർട്ടുകൾ

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയൊമ്പതും നാൽപ്പതും റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(4) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 11 മുതൽ 14 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എം. മുരളി : സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ 11 മുതൽ 14 വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VIII. ധനകാര്യം

2005-06 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളേയും 1983-84, 1989-90, 1990-91, 1991-92 എന്നീ സാമ്പത്തിക വർഷങ്ങളിലേയും 1993-94 മുതൽ 2002-03 വരെയുള്ള സാമ്പത്തികവർഷങ്ങളിലേയും അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,58,93,000 രൂപയുടെയും, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 16,36,11,000 രൂപയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,50,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, കാർഷികാദായനികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ₹,68,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly